**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2044** **16-03-2022 - ൽ മറുപടിയ്ക്ക്**

**പോലീസിന്റെ ജനസൗഹൃദ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ഒ എസ് അംബിക | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസിന്റെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും പോലീസിന്റെ പ്രവർത്തനം സംബന്ധിച്ച് ജനങ്ങൾക്ക് മതിപ്പ സൃഷ്ടിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പോലീസിന്റെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും ജനങ്ങൾക്ക് മതിപ്പ സൃഷ്ടിക്കുന്നതിനുമായി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കി വരുന്നു. ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും 'in service' പരിശീലനം നൽകി വരുന്നു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പോലീസിന്റെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും പോലീസിന്റെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം സംബന്ധിച്ച് ജനങ്ങൾക്ക് മതിപ്പ് സൃഷ്ടിക്കുന്നതിനുമായി ജനമൈത്രി പോലീസ്, ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ, പിങ്ക് പോലീസ്, വനിത ഹെല്പ് ലൈൻ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ഹോപ്പ് പ്രോജക്റ്റ്, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വുമൺ ഹെല്പ് ഡെസ്ക്, ചിരി ഹെല്പ് ലൈൻ, നിർഭയ പ്രോജക്റ്റ്, സെൽഫ് ഡിഫൻസ് ട്രെയിനിംഗ് സെന്റർ എന്നിവ വളരെ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളും, ഭിന്നശേഷി, ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളും പ്രവർത്തിച്ചു വരുന്നു. കേരളാ പോലീസിന്റെ സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ, സോഷ്യൽ മീഡിയ സെൽ എന്നിവ പോലീസിന്റെ പ്രവർത്തനം ജനസൗഹൃദമാക്കി ജനങ്ങൾക്ക് മതിപ്പ് സൃഷ്ടിക്കുന്നുണ്ട്. |
| (ബി) | ഓൺലൈനായി പോലീസിൽ പരാതി നൽകുന്നതിനും മറ്റ് സേവനങ്ങൾ ലഭ്യമാകുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കുമെതിരായ അതിക്രമങ്ങൾ തടയുന്നതിനും പ്രത്യേകമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | കേരളാ പോലീസിന്റെ ഓൺലൈൻ പ്രോജക്ടായ 'THUNA', POL-APP എന്നിവ മുഖാന്തിരം ഓൺലൈനായി പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതുൾപ്പെടെ വിവിധ സേവനങ്ങൾ ലഭ്യമാണ്. മുതിർന്ന പൗരൻമാർക്കായി സീനിയർ സിറ്റിസൺ പോർട്ടൽ, ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങൾക്ക് അടിയന്തര സഹായം ലഭ്യമാക്കുന്നതിനായി 'BELL OF FAITH' സംവിധാനം എന്നിവ നിലവിലുണ്ട്. വയോജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾക്കായി Elder Line Helpline (Toll Free No.14567) സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ പോലീസ് സഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീ പീഡനം സംബന്ധിച്ച പരാതികൾ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ നേരിട്ട് പരിഹരിക്കുവാനും കർശന നിയമ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീപീഡനം തടയുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പ് വരുത്തുന്നതിനുമായി അപരാജിത എന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ട്. കൂടാതെ അടിയന്തിര പോലീസ് സഹായം ലഭ്യമാകുന്ന പോലീസിന്റെ 1515, 112, 1090, 1091 എന്നീ ടോൾ ഫ്രീ നമ്പരിൽ വിളിച്ച് സഹായം തേടാവുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും വനിതാ സെല്ലും, 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെല്പ് ലൈനും നിലവിലുണ്ട്. കൂടാതെ മൊബൈൽ പട്രോളിംഗ്, ബീറ്റുകൾ എന്നിവ നടത്തിയും, സ്ത്രീകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി സ്വയം രക്ഷാ പദ്ധതി (Self |

| | | | |
|---|---|---|---|
| | | | defence training) നടപ്പിലാക്കി പരിശീലന ക്ലാസുകൾ നൽകിയും, പിങ്ക്-പട്രോളിംഗ്, ജനമൈത്രി സംവിധാനം എന്നിവ നടപ്പിലാക്കിയും, വിദ്യാർത്ഥികൾക്കിടയിൽ സോഷ്യൽ മീഡിയ, മൊബൈൽ ഫോൺ എന്നിവയുടെ ദുരുപയോഗത്തെ സംബന്ധിച്ച് ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ക്ലാസുകൾ നടത്തിയും, സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങളെ പറ്റി നിയമബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചും, സ്കൂൾ-കോളേജ് പരിസരങ്ങളിൽ തിരക്കേറിയ സമയങ്ങളിലും മറ്റു പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തിയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പോലീസും പൊതുജനങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും പോലീസിന്റെ സേവനങ്ങൾ സംബന്ധിച്ച അറിവുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നവമാധ്യമങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പോലീസും പൊതുജനങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും പോലീസിന്റെ സേവനങ്ങൾ സംബന്ധിച്ച അറിവുകളും, പോലീസ് ഉദ്യോഗസ്ഥരുടെ സൽപ്രവർത്തികളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി പോലീസ് ഔദ്യോഗിക വെബ്സൈറ്റ്, ടിറ്റർ, സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ, സോഷ്യൽ മീഡിയ സെൽ, ഫെയ്സ് ബുക്ക് തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തി വരുന്നു. ലോകത്ത് കൂടുതൽ ഫോളോവേഴ്സ് ഉള്ള പോലീസിന്റെ ഫേസ്ബുക്ക് അക്കൗണ്ട് കേരള പോലീസിന്റേതാണ്. |

സെക്ഷൻ ഓഫീസർ